(3) 1985–ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ബിൽ

ശ്രീ. പി.സി. ജോർജ്: സർ, ഞങ്ങളുടെ ഗ്രാമപ്രദേശങ്ങളിൽ ഒരു ചൊല്ലുണ്ട്. മുതുകാള പശുവിനെ മെനക്കെടുത്തുന്നു എന്ന്. അതുപോലെ ഞാൻ ഈ ബില്ലുമായി സഭയിൽ നിൽക്കുകയാണ്. എനിക്കു മുമ്പ് ശ്രീ. എം.എം. ഹസ്സൻ ഒരു ഒറിജിനൽ ബിൽ ഈ സഭയിൽ കൊണ്ടുവന്നു. അതും ഗവൺമെൻറ് ഒബ്ജക്ട് ചെയ്തു. സഹകരണ നിയമത്തിൽ ഇത്ര വികലമായ ഒരു നിയമം ഈ സംസ്ഥാനത്തില്ല. അതു കൊണ്ട് എന്താണ് സർ? ഈ ബില്ലുമായി ഞാൻ നടക്കുന്നു. വളരെ നിസ്സാരമായ ഒരു അമെൻറുമെൻറാണ് ഞാൻ കൊണ്ടുവന്നതെന്ന് എല്ലാവർക്കും അറിയാം. ഞാൻ അത് പല പ്രാവശ്യം ഈ സഭയിൽ പറഞ്ഞതാണ്. ഇത് അംഗീകരിക്കുന്നുവെന്ന് ഒരു പ്രാവശ്യമെങ്കിലും പറഞ്ഞാലെന്താണ് ബുദ്ധിമുട്ട്? ഒരു വ്യത്യാസവുമില്ലാത്ത ബില്ലാണ്, യാതൊരു ബുദ്ധിമുട്ടും ഗവൺമെൻറിനില്ലാത്ത ഒരു ബില്ലാണ്.

ഇന്നിപ്പോൾ ജോയിൻറ് രജിസ്ട്രാർമാർക്ക് സൗകര്യംപോലെ മാറാവുന്ന നിയമം അങ്ങനെയുള്ള ഈ നിയമത്തിൽ ഒരു മാറ്റം വരുത്തിക്കൊണ്ട് ദൈവത്തെയോർത്ത് ഈ ബിൽ ഒന്ന് അംഗീകരിക്കണമെന്ന് ഈ സഭയിൽ പറയാൻ തുടങ്ങിയിട്ട് എത്രനാളായി? 1985–ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ബില്ലാണ്. വളരെ നിസ്സാരമായ കാര്യമാണ്. ഒരു സഹകരണ സംഘത്തിലേക്ക് ഒരു ഡയറക്ടർ ബോർഡ് വന്നാൽ അതിലെ ഡയറക്ടർ ഏതെങ്കിലും ഒരാൾക്ക് ജാമ്യം നിന്നുകഴിഞ്ഞാൽ പണം എടുത്ത ആൾ കുടിശ്ശിക വരുത്തിക്കഴിഞ്ഞാൽ ജാമ്യക്കാരനായ ആൾ കുടിശ്ശിക വരുത്തിയിരിക്കുന്നു എന്നു പറഞ്ഞ് ജാമ്യക്കാരനെ (ഡയറക്ടറെ) ഡിസ്ക്വാളിഫൈ ചെയ്യുന്നു. പണം എടുത്ത ആൾ കുടിശ്ശിക വരുത്തിയിരിക്കുന്നു എന്ന് ജാമ്യം നിന്ന വ്യക്തി (ഡയറക്ടർ) അറിയുന്നില്ലെന്നുള്ളതാണ് വസ്തുത. അത് അദ്ദേഹത്തെ അറിയിക്കണം. അറിയിച്ചു കഴിഞ്ഞതിനുശേഷമേ ഡിസ്ക്വാളിഫൈ ചെയ്യാവൂ എന്നുള്ള അമെൻറുമെൻറാണ് ഞാൻ ആകെ കൊണ്ടുവന്നത്. അത് സമ്മതിക്കാത്തതെന്താണ്? ഈ ബില്ലിൻെറ കാര്യം പറയുമ്പോൾ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിക്ക് വിഷമമാണെന്നു തോന്നുന്നു. ഈ ബില്ലിൻെറ കാര്യത്തിൽ എന്തിനാണിത്ര വിഷമം?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): ഡയറക്ടർ അഴിമതി കാണിക്കാതിരിക്കാനുള്ള ഒരു പ്രിവൻറീവ് ക്ലാസ് ആണെന്നു മാത്രമേയുള്ളൂ.

ശ്രീ. പി.സി. ജോർജ്: മന്ത്രിക്ക് അതേ അറിയുള്ളൂ. മന്ത്രി ഈ ബിൽ പഠിച്ചിട്ട് പറയണം. കഴിഞ്ഞ പ്രാവശ്യം ഞാൻ സംസാരിച്ചപ്പോഴും പറഞ്ഞു. ഈ ബിൽ എന്താണെന്ന് വായിച്ചുനോക്കാനുള്ള സാമാന്യ മര്യാദയെങ്കിലും ഈ മന്ത്രിമാർ കാണിക്കണ്ടേ?

ഞാൻ ഒരു ഉദാഹരണം പറയാം. ഇപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ ഒരു ബാങ്കിലെ ഡയറക്ടർബോർഡ് മെമ്പറാണെങ്കിൽ ഒരു പാവപ്പെട്ട ഹരിജന് ഐ.ആർ.ഡി.പി. പദ്ധതിപ്രകാരമുള്ള ലോൺ എടുക്കുന്നതിന് ജാമ്യം നിന്നുകഴിഞ്ഞാൽ പണം അടയ്ക്കാൻ ആ പാവപ്പെട്ടവൻ 90 ദിവസത്തെ താമസം വരുത്തിയെങ്കിൽ അങ്ങയുടെ ഡയറക്ടർബോർഡ് മെമ്പർസ്ഥാനം പോകും. എന്നാൽ ഈ അമെൻറുമെൻറ് ഇത്രയേയുള്ളൂ. അങ്ങ് ജാമ്യം നിന്ന വ്യക്തി കുടിശ്ശിക വരുത്തിയിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു എന്ന് അങ്ങയെ അറിയിച്ചു കഴിഞ്ഞാൽ പണം അടയ്ക്കുന്നതിനുള്ള സമയം നൽകിക്കഴിഞ്ഞിട്ടും പണം അടയ്ക്കുന്നില്ലെങ്കിൽ അങ്ങയെ ഡിസ്കാളിഫൈ ചെയ്തുകൊള്ളട്ടെ എനിക്ക് തർക്കമില്ല. ഈ അമെൻറുമെൻറിൽ വലിയ അഴിമതി എന്താണുള്ളത് സർ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് പ്രസംഗം അടുത്ത ദിവസം തുടരാം.

ശ്രീ. പി.സി. ജോർജ്: സർ, ലോകാവസാനം വരെ ഞാൻ ഇത് കണ്ടിന്യൂ ചെയ്യും, ഞാൻ ഈ സഭയിൽ വരുന്നിടത്തോളം കാലം കണ്ടിന്യൂ ചെയ്യും.

(4) 1985–ലെ പൊൻമുടി ടീ എസ്റ്റേറ്റ് (പ്രൈവറ്റ്) ലിമിറ്റഡ് (സംരംഭങ്ങളും വിലയ്ക്കെടുക്കൽ) ബിൽ

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട കോലിയക്കോട് കൃഷ്ണൻനായർ 141–ാം നമ്പർ പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിലൂടെ പൊൻമുടി എസ്റ്റേറ്റ് ഏറ്റെടുക്കണമെന്നൊരാവശ്യം ഉന്നയിച്ചിരിക്കുകയാണ്. ഈ ബില്ലിനെ സംബന്ധിച്ച് വസ്തുതാപരവും നിയമപരവുമായ ഒട്ടേറെ കാര്യങ്ങളും പറയേണ്ടതുണ്ട്. 573 ഏക്കർ വിസ്തീർണ്ണമുള്ളതും 435 തൊഴിലാളികളും ജോലിചെയ്യുന്നതും 1972 മുതൽ ശ്രീ. കെ.ടി. തോമസിന്.....

ശ്രീ. എം.എം. ഹസ്സൻ: ബിൽ അവതരിപ്പിച്ച മെമ്പർ ഇല്ലാതെ മറുപടി പറയുന്നത് ശരിയാണോ സർ?

മി. സ്പീക്കർ: അതിൽ കുഴപ്പൊന്നുമില്ല.

ശ്രീ. ഇ. അഹമ്മദ്: കൈവശവും ഉടമസ്ഥാവകാശമുള്ളതുമായ പൊൻമുടി ടീ എസ്റ്റേറ്റ് ഇപ്പോൾ റിസീവറുടെ കീഴിലാണ്. ഈ എസ്റ്റേറ്റിനെ സംബന്ധിച്ചും അവിടത്തെ തൊഴിലാളികളുടെ പ്രശ്നങ്ങളെസംബന്ധിച്ചും 11–3–1984–ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽതന്നെ ഒരു യോഗത്തിൽ വച്ച് ഒരു പരിഹാരം കണ്ടെത്താനുള്ള ശ്രമം നടത്തുകയുണ്ടായി. പക്ഷേ അവിടെ പല പ്രശ്നങ്ങളും ഉയർന്നുവന്നു. 17–3–1984 മുതൽ ഈ എസ്റ്റേറ്റ് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. തൊഴിലാളികളുടെ ശമ്പള കുടിശ്ശിക, പ്രതിവാര ചെലവുകളും, ശമ്പളത്തോടുകൂടിയുള്ള അവധി പ്രസവാനുകൂല്യം, ബോണസ് മുതലായവയൊന്നും നൽകുന്നില്ല. പ്ലാന്റേഷൻ ലേബർ ആക്ടിന്റെ വ്യവസ്ഥകളൊന്നും പാലിച്ചിട്ടില്ല. തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് ഒത്തുതീർപ്പ് ഉണ്ടാക്കുന്നതിന് തൊഴിൽവകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനമൊന്നും എടുത്തില്ല. പ്ലാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നെടുമങ്ങാട് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ രണ്ടുകേസ് നിലവിലുണ്ട്. ഇതുകൂടാതെ പ്രോവിഡൻറ് ഫണ്ട് വിഹിതം ഇനത്തിൽ ഗവൺമെൻറിലേയ്ക്ക് അടയ്ക്കേണ്ട ഭീമമായ തുക ഈടാക്കുന്നതിനുവേണ്ടി റവന്യൂ റെക്കവറി നടപടികളും ആരംഭിക്കുകയും ചെയ്തു. 12–6–1984–ൽ പരസ്യമായി ലേലം ചെയ്യുന്നതിന് ബന്ധപ്പെട്ട തഹസീൽദാർ നടപടി എടുത്തുവെങ്കിലും, ഉടമസ്ഥൻ അതിൻമേലുള്ള ലേലം നടത്തുന്നത് തടയാനായി ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു. 12–6–1984–ൽ ഓക്ഷൻ ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly